GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/06/2026

1. കാർഷിക വായ്പകൾക്ക് പലിശ സബ്സിഡി: AIF പദ്ധതികളിലേക്ക് സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം. കർഷകരുടെയും കാർഷിക സംരംഭകരുടെയും കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് മികച്ച പിന്തുണ നൽകുന്ന കാർഷിക അടിസ്ഥാന സൗകര്യ വികസന വായ്പ പദ്ധതിയിൽ (Agriculture Infrastructure Fund – AIF) അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2026 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചതായി കൃഷി ഡയറക്ടറേറ്റ് അറിയിച്ചു. പദ്ധതിയുടെ ഭാഗമായി 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 7 വർഷത്തേക്ക് 3 ശതമാനം സബ്സിഡിയോട് കൂടി 6 ശതമാനം പലിശക്കാണ് കാർഷിക വായ്പകൾ ലഭ്യമാകുക. കൂടാതെ, ക്രെഡിറ്റ് ഗ്യാരണ്ടി കവറിന്റെ പരിധിയിൽ വരുന്ന

2 കോടി രൂപ വരെയുള്ള വായ്പകൾക്ക് അധിക ഈട് നൽകേണ്ടതില്ല എന്നതും പദ്ധതിയുടെ പ്രധാന ആകർഷണമാണ്.കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർധിത ഉൽപ്പന്ന നിർമാണം, ശീതീകരണ ശൃംഖല, കാർഷിക യന്ത്രവത്കരണം, ഡ്രോൺ സേവന കേന്ദ്രങ്ങൾ, കാർഷിക ലോജിസ്റ്റിക്സ് തുടങ്ങി വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് AIF പദ്ധതിയിലൂടെ ധനസഹായം ലഭ്യമാക്കാം. PMFME, SMAM, MIDH, SHM ഉൾപ്പെടെയുള്ള കേന്ദ്ര-സംസ്ഥാന സബ്സിഡി പദ്ധതികളുമായി സംയോജിപ്പിച്ചും AIF പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കും. പദ്ധതിയുടെ വിശദാംശങ്ങൾക്കായി കർഷകരും കാർഷിക സംരംഭകരും സമീപത്തെ ബാങ്ക് ശാഖകളുമായോ കൃഷിഭവനുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾ www.agriinfra.dac.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനതല പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുമായി ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പറുകൾ: 8137008197, 8921540233, 9020060507.

2. ക്ഷീരവികസന വകുപ്പിന്റെ N A B L അക്രഡിറ്റേഷൻ ലഭിച്ച സ്റ്റേറ്റ് ഡയറി ലാബിൽ പാൽ, പാലുല്പന്നങ്ങൾ, കുടിവെള്ളം, കാലിത്തീറ്റ,

കാലിത്തീറ്റ ഉത്പാദിപ്പിക്കാൻ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, ധാന്യങ്ങൾ പയർവർഗ്ഗങ്ങൾ, എന്നിവയുടെ കെമിക്കൽ, മൈക്രോബയോളജി പരിശോധനകൾ ചെയ്യുന്നുണ്ട്. ഇതോടൊപ്പംതന്നെ പാൽ, പാലുല്പന്നങ്ങൾ എന്നിവയുടെ FSSAI പ്രകാരമുള്ള കെമിക്കൽ പരിശോധനകളിലും, കുടിവെള്ളം, FOOD, Milk & Milk Products എന്നിവയുടെ മൈക്രോബയോളജി പരിശോധനകളിലും ലാബിൽനിന്നും പരിശീലനം നൽകുന്നുണ്ട്. പരിശോധനകൾക്കും, പരിശീലനങ്ങൾക്കും സർക്കാർ അംഗീകൃത നിരക്കുകളും ഈടാക്കുന്നുണ്ട് . കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471-2445749, 2445799, e-mail: dir.dairy@kerala.gov.in ,cru.ddd@kerala.gov.in.

3. റബ്ബർതോട്ടങ്ങളിൽനിന്ന് ശേഖരിക്കുന്ന ഒട്ടുപാലിന് പരമാവധി വില ലഭിക്കാൻ അവ സംഭരിച്ച് സൂക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇത് സംബന്ധമായ ചോദ്യങ്ങൾക്ക് 2026 ജൂൺ 12ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡുകമ്പനിയായ കവണാർ ലാറ്റക്സ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടർ രഞ്ജിത് ഡി. ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 04812576622.

4. സി.പി.സി.ആർ.ഐ. കായംകുളത്തെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷിവിജ്ഞാന കേന്ദ്രത്തിൽ ജില്ലയിലെ പട്ടിക ജാതി യുവതി യുവാക്കൾക്കായി കാർഷിക - അനുബന്ധ മേഖലകളിലെ വിവിധ വിഷയങ്ങളിൽ നൈപുണ്യ വികസന പരിശീലനം സ്റ്റൈപ്പൻഡോടു കൂടി നൽകുന്നു. നാല് ഒഴിവുകളുണ്ട്. യോഗ്യത പ്ലസ്2 /വി എച്ച് എസ് ഇ. പ്രതിമാസ സ്റ്റൈപ്പന്റ് പതിനയ്യായിരം രൂപ. പ്രായപരിധി 25-35 വയസ്സ്, തുടക്കത്തിൽ ദൈർഘ്യം 3 മാസത്തേക്ക്. ഫണ്ടിന്റെ ലഭ്യതയും പരിശീലനാർത്ഥികളുടെ പ്രകടനവും അടിസ്ഥാനമാക്കി 6 മാസം വരെ നീട്ടാവുന്നതാണ്. യോഗ്യരായവർ 0479-2449268, 2959268, 9447790268 എന്നി നമ്പറുകളിൽ ജൂൺ 16 മുമ്പായി മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നവരിൽ നിന്നും നിർദിഷ്ട മാനദണ്ഡ പ്രകാരം ജൂൺ 18-നു രാവിലെ 9.00 മണിക്കു ആലപ്പുഴ ജില്ലാ കൃഷിവിജ്ഞാന കേന്ദ്രത്തിൽ നടത്തുന്ന അഭിരുചി പരീക്ഷയുടെയും, മുഖാമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്. മുൻ വർഷങ്ങളിൽ പട്ടിക ജാതി വിഭാഗക്കാർക്കായി നടത്തിയ പരിശീലനത്തിൽ പങ്കെടുത്തവർ പ്രസ്തുത പരിശീലനങ്ങൾക്കു

അർഹരല്ല. കൂടുതൽ വിവരങ്ങൾക്ക് https://cpcri.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

5. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ചെറ്റച്ചൽ ജേഴ്സി ഫാമിലെ 2026-2027 പദ്ധതിനിർവ്വഹണത്തിൽ ഇ-ടെണ്ടർ ഉൾപ്പെടുത്തി ഗ്രീൻ മിൽക്ക് പായ്ക്കിംങ്, ഗ്രീൻ മിൽക്ക് സെയിൽ എന്നിവയുടെ - ടെണ്ടർ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9495235020 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## പരിശീലന പരിപാടി

6. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററില് കാർഷിക വിളകളിലെ പ്രജനനരീതികൾ - ബഡിങ്ങ്, ഗ്രാഫ്റ്റിങ്ങ്, ലെയറിങ്ങ്" എന്ന വിഷയത്തിൽ 2026 ജൂൺ 23, 24 തീയതികളിലായി രണ്ടു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ 8547070773, 0487 2370773 എന്നീ ഫോണ് നമ്പറില് 22.06.2026 തീയതിയ്ക്ക് മുമ്പായി ബന്ധപ്പെടുക. പരിശീലനഫീസ് ₹1,100/- രൂപ.

7. കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി സെന്റർ ഫോർ അഗ്രികൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി

ട്രാൻസ്ഫർ (CAITT) ജൂൺ 12ന് "പഴങ്ങളുടെ ശാസ്ത്രീയ സംസ്കരണം" വിഷയത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രാവിലെ 9.30 മുതൽ വൈകിട്ട് 4 മണിവരെ CAITT ട്രെയിനിംഗ് ഹാളിൽ നടക്കുന്ന പരിശീലനത്തിൽ പഴങ്ങളിൽ നിന്ന് ജാം, ജെല്ലി, സ്ക്വാഷ് തുടങ്ങിയ മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ശാസ്ത്രീയ രീതികളും പ്രായോഗിക പരിശീലനവും നൽകും. പരിശീലന ഫീസ് 500 രൂപയാണ്. പങ്കെടുക്കാൻ താൽപര്യമുള്ളവർ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 4 മണിക്കകം നേരിട്ടോ ഫോൺ മുഖേനയോ രജിസ്റ്റർ ചെയ്യണം. പരിശീലനത്തിന് ശേഷം പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 8891540778 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.